# ചിലങ്കകൾ

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ



ഡോ . സി . റ്റി . ഈ . എം . ആർ . എച്ച്  . എസ് . എസ്
ശാസ്താംകോട്ട, മുതുപിലാക്കാട്

# ആശംസകളോടെ...................




സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബ്ബിന്റെ നേതൃത്വത്തിൽ "ചിലങ്കകൾ" എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. വിവര സാങ്കേതിക വിനിമയ രംഗത്ത് പ്രഗത്ഭരായ പുതു തലമുറയെ വാർത്തെടുക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായി ഡിജിറ്റൽ മാഗസിൻ നിലകൊള്ളുന്നു. ഐ.റ്റി ക്ലബ്ബിന്റെ നേതൃത്വത്തിൽ വേറിട്ട പ്രവർത്തനങ്ങൾ ഇനിയും നടത്താൻ സാധിക്കട്ടെ. ഇതിനു നേതൃത്വം നൽകുന്ന അധ്യാപകർ ക്ലബ് അംഗങ്ങളായ വിദ്യാർത്ഥികൾ എല്ലാവർക്കും നന്മകൾ ആശംസിക്കുന്നു.

**ബെൻസി തോമസ് ഹെഡ്മിസ്ട്രസ്**

# എഡിറ്റോറിയൽ

കൂട്ടുകാരെ,

ഞങ്ങൾ DR .CT .EM .RHS ലെ വിദ്യാർത്ഥികൾ "ലിറ്റിൽ കൈറ്റ്-സിന്റെ" 'ഭാഗമായ ഡിജിറ്റൽ മാഗസിന്റെ പേര് "ചിലങ്കകൾ "എന്നാണ് തിരഞ്ഞെടുത്തിട്ടുള്ളത് .

ജീവിതം ഒരു താളാത്മകമാണ്. ആ താളത്തിൽ ചലനങ്ങൾ ആവശ്യമാണ്. ചലനത്തിന് മാറ്റ് കൂട്ടുന്നതിനും ശബ്ദമാധുര്യം കൊണ്ട് അലംകൃതമാക്കുന്നതിനും ചിലങ്കകൾ മുൻ പന്തിയിലാണ്. ചിലങ്കകളിലെ മുത്തുകളാണ് അവയിൽ ശബ്ദമുണ്ടാകുന്നത്. അവയിൽ ഒന്ന് നഷ്ടപ്പെട്ടാൽ താളം വ്യത്യസ്തപ്പെടും, ശബ്ദം മാറും. അതുപോലെ തന്നെയാണ് ജീവിതവും. ജീവിതത്തിലെ എന്തെങ്കിലും ഒരു മുത്ത് നഷ്ടമായാൽ അവയുടെ താളം തെറ്റുമെന്ന ഉചിതം.

ഞങ്ങൾ കുട്ടികളുടെ കഴിവുകൾ കോർത്തിണക്കി സാങ്കേതികവിദ്യയുടെ സഹായത്തോടെ തയാറാക്കിയ ഈ മാഗസിൻ തികച്ചും ഒരു വിശ്വസ്ത അനുഭവമാണ് നിങ്ങൾക്ക് പകർന്നു നൽകുന്നത്. വരൂ നമുക്ക് ചിലങ്കകളിലെ ഓരോ മുത്തുകളാകാം. ഒത്തൊരുമിച്ച് പ്രവർത്തിച്ച് ശബ്ദമാധുര്യം വാരിവിതരാം !

സ്നേഹപൂർവ്വം,

**എഡിറ്റർ**

# താളുകൾ മറിയുമ്പോൾ


1. ത്യാഗമയിയായ മകൾ ........................................05
2. മറയുന്ന സ്വപ്നങ്ങൾ ........................................06
3. ജീവിത ഗസൽ ........................................07
4. ജീവിതം ........................................08
5. വിയർപ്പിൻ  കനി ........................................09
6. സന്തോഷം ഉള്ളിൽ തന്നെ ........................................11
7. മഴ ........................................14
8. ശൈശവത്തിൽ കൊലയാളിയെങ്കിലും  ജീവിതത്തിൽ ഉപകാരി ........................................15
9. മാതൃസ്നേഹം ........................................17
10. ഞാൻ മഹാ പ്രകൃതി ........................................18
11. അമ്മ ........................................20
12. കാഞ്ഞിര മരം ........................................21
13. അന്നവിടെ സംഭവിച്ചതെന്ത്? ........................................22
14. ദൈവസൃഷ്ടി ........................................24
15. ഹൃദയ നൊമ്പരം ........................................26
16. ഓലേഞ്ഞാലി കിളി ........................................28
17. മാതൃഭാഷ മലയാളഭാഷ ........................................29
18. എന്റെ അമ്മ ........................................30
19. An Old Man Lived In The Village ........................................31
20. THE BRAVE GOAT ........................................32
21. THE POWER OF PRAYER ........................................33
22. QUOTES ABOUT LIVING A BEAUTIFUL LIFE ........................................34
23. SAVE ALAPPAD ........................................ 35

# <u>ത്യാഗമയിയായ മകൾ</u>



അച്ഛനു വേണ്ടി ജീവാർപ്പണം ചെയ്ത സ്നേഹമയിയായ ഒരു പൊന്നുമകളുടെ കഥ ചുങ്സു എന്ന് പേരുള്ള ഒരു ചക്രവർത്തി ചൈന ഭരിക്കുന്ന കാലം. ലോകത്തെ ഏറ്റവും വലിയ ഗോപുരമണി നിർമിക്കണമെന്ന് അദ്ദേഹത്തിനു മോഹം. അക്കാലത്തെ ഏറ്റവും പേര് കേട്ട ശില്പിയെ വരുത്തി അദ്ദേഹം മണി ഉണ്ടാക്കുന്ന ചുമതല ഏൽപ്പിച്ചു.ശിൽപ്പി ആത്മാർത്ഥതയോടെ രണ്ട് തവണ ശ്രെമിച്ചു നോക്കി.പക്ഷെ ലോഹം നനന്നായി ഉരുകാത്തതു കൊണ്ട് രണ്ട തവണയും മണി നിർമാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

ചക്രവർത്തിക്ക് കോപം ഉണ്ടായി.ഇനിയും പരാജയപ്പെട്ടാൽ തല വെട്ടിയെടുത്ത് മണിക്ക് പകരം കെട്ടിത്തൂക്കുമെന്ന് ശില്പിക്ക് മുന്നറിയിപ്പ് നൽകി.

പേടിച്ചു വിറച്ച ശില്പി ഒരു മന്ത്രവാദിയെ സമീപിച്ചു ലോഹക്കൂട്ടിനകത്ത് ഒരു കന്യകയെ ബലി അർപ്പിച്ചാൽ മാത്രമേ ഇത്തരം ഒരു മണിയുടെ നിർമ്മാണം പൂർത്തിയാക്കൻ കഴിയു.ശില്പിയുടെ ഏക മകളായ കോവൈ മന്ത്രവാദിയുടെ ഈ ഉപദേശം രഹസ്യമായി കേട്ടു.

മൂന്നാം വട്ടം മണി നിർമാണത്തിനായി ശില്പി ലോഹം ഉരുക്കിയപ്പോ സ്നേഹമയിയായ മകൾ തിളച്ചു മറിയുന്ന ലോഹക്കൂട്ടിനുള്ളിലേക്ക് ചാടി അവൾ അതിൽ അലിഞ്ഞു ചേർന്നു അതോടെ മണിയുടെ പണി പൂർത്തിയായി സ്വന്തം പിതാവിന്റെ ജീവൻ രക്ഷിക്കാൻ ആത്മാഹൂതി ചെയ്ത എത്ര നല്ല മകൾ........

"മാതാപിതാക്കൾ കൺ കണ്ട ദൈവങ്ങൾ ആണ് അവർക്ക് വേണ്ടി എന്ത് ത്യാഗം സഹിക്കുവാനും മക്കൾ തയ്യാറായിരിക്കണം."

Athul Krishnan
Class: IX B

# മറയുന്ന സ്വപ്നങ്ങൾ

മറയുന്ന മനസിന്റെ ഇരുളറയ്ക്കുള്ളിലായ്
ജീവിതം തന്നൊരാ സൗഹൃദങ്ങൾ
കാലങ്ങൾ മുൻപേ നൽകിയ പ്രതീക്ഷ തൻ
വാക്കുകൾ പോലുമേ വ്യർത്ഥമായി ....
വ്യർത്ഥമായി തീർന്നു ഇന്നെൻ ജീവിതം
അർത്ഥങ്ങളില്ല ശവങ്ങൾ പോലെ
കൂടെ കളിച്ചിടാൻ കഥകൾ പറഞ്ഞിടാൻ
ചിണങ്ങി കരഞ്ഞിടാൻ ആട്ടമാടിടുവാൻ
എവിടെയാണിന്ന് എവിടെയാ നിങ്ങൾ
ചൊല്ലുവിൻ കൂട്ടരേ എവിടെയാണ് ?????



Jerrin Noronha
Class: IX B

# ജീവിത ഗസൽ

പൂക്കളേക്കാൾ സുന്ദരമായ

ഇലകൾ പൊഴിയുന്നൊരു

താഴ്‌വരയിൽ

ആരും കടന്നു വരാത്ത

കുന്നിൻ ചെരുവിൽ

ഓരോ അസ്തമയ സൂര്യനും

സാക്ഷിയായി

മധുരമൂറുന്ന ഗസലിനു കാതോർത്ത്

ഒറ്റക്കിരിക്കണം മടക്കം വരെ

എന്നമീ ജീവിതം മുഴുവൻ ............



# ജീവിതം



ശൈശവത്തിൽ തുടങ്ങി വർധക്യംവരെ നീളുന്നതാണ് നമ്മുടെ ജീവിതം. അമ്മയുടെ മാറോട് ചേർന്ന് ഉറങ്ങുന്ന ശൈശവം, അമ്പിളിമാമന് വേണ്ടി കൊതിക്കുന്ന ബാല്യം പ്രലോഭനങ്ങളിൽ വഴുതി വീഴുന്നതു കൗമാരം ഇഷ്ടപെട്ടത് നേടണമെന്ന് ആഗ്രഹം കാട്ടുന്ന യൗവ്വനം ആർക്കും വേണ്ടാതെ ഒറ്റപ്പെടൽ സഹിക്കുന്ന വാർധക്യം .ഇതല്ലേ ജീവിതം?കേവലം ഒരു തുലികയിൽ വരച്ചു കാട്ടാൻ എന്ത് എളുപ്പം .ജീവിതത്തിലേക്ക് പ്രേവേശിക്കുമ്പഴാണ് അതിലെ കയർപ്പും മാധുര്യവും തിരിച്ചറിയുന്നത് .അതിൽ ഒരു നിമിഷമെങ്കിലും ഒരു നിമിഷത്തേക്ക് നാം കള്ളനാകാം, സത്യസന്ധയാകാം, വിദ്വേഷിയാകാം........ ജീവിതം നമുക്ക് തരുന്ന അനുഭവങ്ങൾ മറ്റു എവിടെനിന്നും കിട്ടില്ല. ഒരുപക്ഷെ ആ അനുഭവങ്ങളാകാം നമ്മളെ മാറ്റി മറിക്കാൻ പ്രേരിപ്പിക്കുന്നത്. ജീവിതത്തിൽ ഏതൊക്കെ സാഹചര്യങ്ങൾ നേരിടേണ്ടിവന്നാലും അവയെല്ലാം ശുഭാകൃതിവിശ്വാസത്തോടെ നേരിടേണം. "സാധ്യമല്ല "എന്ന പദം ജീവിതത്തിന് യോജിച്ചതല്ല.

ജീവിതത്തിൽ ഒരു ദിവസം മനുഷ്യന് 24 മണിക്കൂറാണ് ദൈവം തന്നിട്ടുള്ളത് ആ 24 മണിക്കൂറിൽ ജീവിതം എങ്ങനെ ആകുമെന്ന് നമുക്ക് നിച്ഛയിക്കാൻ കഴിയില്ല .എന്തു സംഭവിക്കാം .എന്നാൽ ജീവിതത്തിലെ തെറ്റ് തിരുത്താൻ കിട്ടുന്ന ഒരു രണ്ടാം ഊഴമാണ് ഓരോ പുലരിയിലുമെന്ന് പറയാറുണ്ട് . ജീവിതത്തിൽ നാം അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റുകൾ തിരുത്തി ദുഖവും സന്തോഷവും ചേർത്തു നിർത്തി ഒരു ഉത്തമ ജീവിതം നയിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

Lekshmi
Class: IX B

# വിയർപ്പിൻ കനി

പൂത്തുനിൽക്കുന്നിതാ പാവലും പടവലും
തിളങ്ങുന്ന വിയർപ്പിൻ കനികളായി
എങ്ങും തിളങ്ങുന്ന സൂര്യന്റെ ശോഭയാൽ
തിളങ്ങുന്ന മുത്തിൻ  കനികൾ പോലെ
മരുത വിരുതുകൾ ഏറ്റു  രസിച്ചു കൊണ്ട്
ഒരോ ദിനമവർ തെള്ളി നീക്കി
ബാല്യവും കൗമാരവും കടന്നവർ
യൗവന കാന്തിയെ എത്തി നോക്കി
വിയർപ്പിൻ കണിയൊന്നാസ്വദിക്കാനെത്തും
കര്ഷകനോടാവർ ചൊല്ലി,
ഞങ്ങളെ വേഗം എടുത്തു കൊൾക
ഞങ്ങളെ വേഗം എടുത്തു കൊൾക
വൈകില്ല തൻ ആഗ്രഹം പോലവർ
സ്വാദിഷ്ട ഭോജ്യമായി തീർന്നു.

അന്നൊക്കൊരുനാൾ ശ്രവിച്ചു തങ്ങളെ
നിശ്ചലമാക്കിയൊരാ മൊഴികൾ
തേങ്ങി കരഞ്ഞുകൊണ്ടോടി മക്കൾ
പിന്നെ നിഛലമായൊരു പൂമുഖവും
ചേതസറ്റ മനുഷ്യനെ പോലെ
നിഛലമായൊരാ പാവലും പടവാളും വള്ളികളും
നിച്ഛലമായി നീലാകാശവും
മണ്ണും സൂര്യനും മക്കളും എല്ലാവരും
പിന്നാരും വൈഗീല  തീച്ചൂളയിലായി

വെന്തുരുകും ചാരമായ് തീർന്നു വന്നു

പിന്നൊന്നും കായ്ച്ചില്ല പൂത്തില്ല

പൂക്കൾ മൊട്ടിട്ടപോലിന്നേക്കുമായി

വളർത്താനില്ലയാൽ കൂടെ കളിക്കാനില്ലാ ഇയാൾ

സൂര്യകിരണങ്ങൾ പോലും മാഞ്ഞു .

മാരുതൻ തൻ കൂടെ കളിച്ചില്ല

കഥകൾ ചൊല്ലില്ല പിന്നിന്നേക്കുമായി

ശൈത്യവും വസന്തവും എല്ലാംതന്നെ

നീറുന്നൊരു ഉള്ളമായി തള്ളി നീക്കി

വേനൽ ചൂടിലെത്തും നേരം

വാടിത്തളർന്നൊരു ശിരസുമായി

തീച്ചൂളപോലത്തെ വേനൽ ചൂടിൽ കത്തിനശിച്ചവർ വേദനയിൽ.




Ashwin Raj
Class: IX B

# സന്തോഷം ഉള്ളിൽ തന്നെ

ഈ ലോകത്ത് സന്തോഷം ആഗ്രഹിക്കയാത്തവരായി ആരും ഇല്ല .നമ്മൾ മനുഷ്യരിൽ പലരും പ്രത്യകിച്ചും കുട്ടികൾ പലപ്പോഴും ചിന്തിക്കാറുള്ളത് ഒന്നാണ് "എന്റെ ജീവിതത്തിൽ മാത്രം എന്താ സന്തോഷങ്ങൾ ഇല്ലാത്തത് ".സന്തോഷങ്ങൾ എത്രമാത്രമുണ്ടായെങ്കിലും എല്ലനോർത്തു സങ്കടപടുകയാണ് പലരും .സന്തോഷങ്ങളിൽ നാം സംതൃപ്തരരല്ല എന്നതാണ് യഥാർത്ഥ സത്യം .

സന്തോഷവും സംതൃപ്തിയും ജീവിതത്തില്ല രണ്ടു മനോഭാവങ്ങളാണ് ഇവ രണ്ടു ജീവിതത്തിന്റെ ഗതി നിര്ണയിക്കുന്നത്വയാണ് .ഇവയുടെ അഭാവമാണ് ജീവിതത്തില്ല എല്ലാ അശ്വസ്ഥകാൽകുകാരണം ജീവിതത്തിൽ നാം ഇല്ലന്ന് കരുതുന്ന പലതും അശ്രദ്ധ കൊണ്ടോ അറിവില്ലായിമ കൊണ്ടോ അവഗണിക്യപ്പെടുന്നവയാണ് .ഒരു കാരണവും ഇല്ലാതെ സന്തോഷിക്കുന്നവരും ഒരു സമ്പത്യങ്ങളുമില്ലാതെ സമ്പതൃപ്തരാകുന്നവരുമുണ്ട് . അവരെ നിരാശരാക്കാൻ ആർക്കും സാധിക്കയിലാ .

ലോക പ്രശസ്ത സാഹിത്യകാരനായ പൗലോ കൊയ്‌ലോയുടെ ആല്കെമിസ്റ്റ് എന്ന നോവലിൽ ഇടയബാലനായ സാന്റിയാഗൊക്കു ഒരു വൃദ്ധൻ കഥ പറഞ്ഞു കൊടുക്കുകയാണ്. ആ കഥ ഇങ്ങനെയാണ്. സന്തോഷത്തിന്റെരഹസ്യം എന്താണെന്നറിയാൻ ഒരു കച്ചവടക്കാരൻ തന്റെ മകനെ ഒരു ജ്ഞാനിയുടെ അരികിലേക്ക് അയക്കുന്നു. ഞാനിയാകട്ടെ ഇവന്റെ ചോദ്യം കേട്ടടൻ എന്ന നിറച്ച ഒരു കരണ്ടി എടുത്ത് അവന്റെ കയ്യിൽ കൊടുത്തിട്ട് കൊട്ടാരം ചുറ്റിക്കണ്ടു വരാൻ പറഞ്ഞു. അതോടൊപ്പം ആ കരണ്ടിയിലെ എണ്ണ തുളുമ്പാതെ ശ്രെദ്ധിക്കണമെന്നും പറഞ്ഞു. കുറച്ചു സമയത്തിന് ശേഷം തിരിച്ചു വന്ന ഇടയബാലനോട് തന്റെ കൊട്ടാരത്തിൽ കണ്ട കാഴ്ചകളെ എന്തെല്ലാമെന്ന് ജ്ഞാനി ചോദിച്ചു. പക്ഷേ അവനൊന്നും കണ്ടില്ലായിരുന്നു.



അവന്റെ ശ്രദ്ധ മുഴുവൻ കരണ്ടിയിലായിരുന്നു. ജ്ഞാനി വീണ്ടും അവന്റെ കൈയിൽ എണ്ണ നിറച്ച കരണ്ടി നൽകിയതിനു ശേഷം കൊട്ടാരം ചുറ്റികാണാൻ അവശ്യപെട്ടു .ഇത്തവണ അവൻ ആസ്വദിച്ചു പക്ഷെ തിരിച്ചെത്തിയ അവന്റെ കയ്യിലെ കരണ്ടിയിൽ എണ്ണ എല്ലായിരുന്നു .ഈ വ്യത്യസ്തരീതിയിലൂടെ ജ്ഞാനി ലോകത്തിന് പകർന്നു തന്നത് ഇതായിരുന്നു "ലോകത്തിലെ സുഘങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ അപ്പോഴും നമ്മുടെ ജീവിതം സാഹചര്യങ്ങളും നാം പിന്നിട്ട വഴികളുംമറക്കാതിരുന്നാൽ സന്തോഷം നമ്മെ തേടി വരും".

അതിനാൽ നാം ഒന്ന് മനസിലാക്കുക. നമ്മുടെ ജീവിതത്തിലെ സന്തോഷവും സമാധാനവും സംതൃപ്തിയും നാം തന്നെയാണ് കണ്ടെടുക്കുന്നതു. മതിലുകൾക്കപ്പുറമുള്ള കാഴ്ചകൾ ആസ്വദിക്കുന്നവർക്കു സ്വന്തം കാൽച്ചുവട്ടിലെ മണ്ണിന്റെ ഗുണമറിയാൻ കഴിഞ്ഞെന്ന് വരില്ല.

Nandana B
Class: IX B

# മഴ



മഴയാണെനിക്കെന്റെ തോഴി

പിണങ്ങാനും ഇണങ്ങാനും പിന്നെ സംവദിക്കാനും

എന്നിലേക്കോടിയെത്തും എന്റെ തോഴി

അവളുടെ രൂപങ്ങൾ  ഭിന്നങ്ങളായെന്നിൽ

പല രൂപങ്ങളിൽ നിറയുന്നു

അവളുടെ സുന്ദര മുഖമെൻ മിഴിയിൽ

തോരണങ്ങളായി വിളങ്ങുന്നു

അവളുടെ ഒച്ച സംഗീതമായി നിറയുന്നു

ആർത്തിരമ്പി അലച്ചെത്തുന്ന രാമഴ

ഭ്രാന്തിയെപ്പോലെ അട്ടഹസിക്കുന്നു

മുടിയിട്ടഴിച്ച്  അരികിലെത്തുമ്പോൾ

എന്തേ  നിൻ സങ്കടം ഞാൻ തിരക്കേ

ഒന്നും പറയാതെ ശാന്തയായ്

ദൂരേക്ക് പോയി മറഞ്ഞു

എന്റെ വേദനകൾ തൻ കുത്തൊഴുക്കിൽ

ആശ്വാസമേകിയവൾ.......

അവൾ തൻ സങ്കടങ്ങൾ ആരറിഞ്ഞു?????

Irfan Kabeer

Class: IX B

# ശൈശവത്തിൽ കൊലയാളിയെങ്കിലും ജീവിതത്തിൽ ഉപകാരി

ശൈശവത്തിൽ തന്നെ ഒരാളെ നല്ലവനാക്കാനും ,നശിക്കാനുള്ള സാദ്ധ്യതകൾ ഒളിഞ്ഞിരിപ്പുണ്ട്. ചൊട്ടയിലെശീലം ചുടലവരെയാണ് എന്ന് പഴമക്കാർ പറയുന്നത് വെറും വാക്കല്ല. എന്ന് നമ്മുടെ കുട്ടികൾ കളിക്കുന്ന കളികളും കളികോപ്പുകളും കാണുകയും വിലയിരുത്തുകയും ചെയ്താൽ അറിയാതെയാണെങ്കിലും തോൽപ്പിക്കലിന്റെയും കൊല്ലുന്നതിന്റെയും ഇല്ലായിമ ചെയ്യുന്നതിന്റെയും മാതൃകകൾ കാണുവാൻ കഴിയും അതിന് എറ്റവും വലിയ ഉതാഹരണമാണ് കളിത്തോക്ക് വെള്ളം ചീറ്റുന്നത്, പൊട്ടാസ് ഉപയോഗിക്കുന്നത്,ചെറിയാമണികൾ ഇടുന്നത് ഇങ്ങനെ നീണ്ടുപോകുന്ന .കുട്ടികളുടെ മൊബൈൽ കമ്പ്യൂട്ടർ ഗെയിംസ് നോക്കിയാൽ



പരാചയപെടുത്തുകയും കൊല്ലുകയും ചെയ്യുന്നവയാണ്. മാത്രമല്ല ഒറ്റയാൾ കളിയാണ് അധികവും.

കുട്ടിക്കാലത്തു വളരെ ക്രൂരതയോടെ ജീവിക്കുകയും എന്നാൽ വളരുമ്പോൾ ഉഭകാരിയായി ജീവിക്കുകയും ചെയ്യുന്ന ജീവിയാണ് കുഴിയാന കളിക്കുമ്പോൾ നമ്മൾ അവരെ പിടിച്ചുകളിക്കാറുണ്ട് .പിറകോട്ട് നടക്കാനും ,ഉറുമ്പിനെ ഭക്ഷണം ആകുന്നത് ഒക്കെമറന്ന് പൂത്തുമ്പിയായി ജീവിക്കുന്ന ജീവിതചക്രം നിരവധി സന്ദേശങ്ങൾ നമ്മുക്കുനൽകുന്നു .കൊലയാളി ജീവിതം ആരംഭിച്ചിട്ട് ഉപകാരിയായി ജീവിക്കുന്നത് എത്ര നല്ല സന്ദശമാണ് .മനുഷ്യരും ഈ മാതൃക പിൻപറ്റുമ്പോൾ നിരവധി പോരായിമകൾ നമുക്ക് സംഭവിക്കാം എന്നാൽ അവയെ വെടിഞ്ഞ് പരോപകാരിയായി ജീവിക്കാനാണ് പ്രകൃതി മനുഷ്യരേ ക്ഷണിക്കുന്നത് .

SONA ACHANKUNJU
Class: IX B


# മാതൃസ്നേഹം



"56 അക്ഷരമല്ല എന്റെ മലയാളം. 51 അക്ഷരമല്ല എന്റെ മലയാളം അമ്മയെന്ന .ഒരൊറ്റയക്ഷരമാണെന്റ മലയാളം"

കവി കുഞ്ഞുണ്ണിമാഷിന്റെ വരികളാണിവ . പിറന്ന അമ്മയുടെ മടിത്തട്ടിൽ വീണ നാൾ മുതൽ ,അമ്മയുടെ മാറോടണഞ്ഞു അമ്മയെ സ്നേഹിച്ച ,അമ്മയെ വിശ്വസിച്ച് നാം കഴിയുന്നു .ചെറുപ്പത്തിൽ എന്തു കാര്യം ചെയ്യാനും നമുക്ക് അമ്മയെ ആവശ്യമായിരുന്നു .കൈ പിടിച്ചു നടക്കുവാനും ,വീഴുമ്പോൾ പിടിച്ചുഉയർത്താനും കരങ്ങൾ ആവശ്യമാണ് .എന്നാൽ വളർന്നു കഴിയുമ്പോൾ ആ കാര്യങ്ങൾ നാം അറുത്തുകളയാനാണ് ശ്രമിക്കുന്നത്. വർധക്യത്തിലേക്കെത്തുമ്പോൾ മാതാപിതാക്കളെ വൃദ്ധ സദനകളിലേക് നാം അയക്കുന്നു്അനാഥത്വത്തിന്റെ തീച്ചൂളയിലേക്കു നമ്മെ തള്ളിവിടാതെ അമ്മിഞ്ഞപ്പാലിന്റെ വെണ്മനിറഞ്ഞ ലോകത്തേക്ക്. ഇരുകയ്യും നീട്ടി നമ്മെ സ്വീകരിക്കുന്നു.

STEPHY .S. JOHN
Class: IX B



# ഞാൻ മഹാ പ്രകൃതി

പ്രകൃതികളെ   പ്രകൃതിയായ് മാറ്റി ഞാൻ

പ്രഭാതങ്ങളിൽ ആശ്യാസമേകി ഞാൻ

എന്റെ ചുടുനിശ്വസങ്ങൾ നിങ്ങൾ തൻ ആശ്യാസമായി

എന്റെ ചലനങ്ങൾ നിങ്ങളിൽ

ജീവ ചലനത്തിൻ തുടക്കമായി

എന്നെ മുറിവേൽപ്പിക്കുവാൻ

നിങ്ങൾ തൻ മനതാരിൽ

എന്നു തൊട്ടെന്നോ മുളയിട്ടു  മോഹം

അറിയിച്ചു എങ്കിലും വേദന ആവോളം

നിങ്ങൾക്കായി ഞാൻ സഹിച്ചു

വേദനയെങ്കിലും ചിരി ളുകി നിങ്ങളെ

സന്തോഷമേകി ഞാൻ സംരക്ഷിച്ചു

എന്നും നശിക്കുന്ന എന്നെ നശിപ്പിക്കുന്ന എന്നെ

നിലനിർത്തി സ്നേഹിക്കാൻ കഴിയില്ലേ???

എന്റെ ജീവന്റെ തുടിപ്പായി നെ മാറുമ്പോൾ

എന്നിലെ എല്ലാം നിങ്ങൾക്ക്  മാത്രം

Anu Tharakan

Class: IX B

# അമ്മ



താരാട്ടുപാട്ടിലെ ശ്രുതിയോടെ എന്നമ്മ

എന്നിലെ സംഗീതമായി നിറയുന്നു

അമ്മയോടെന്നോ മൊഴിഞ്ഞ രഹസ്യങ്ങൾ

എന്നും നിധിയായി 'അമ്മ സൂക്ഷിക്കേ

അമ്മ പറഞ്ഞ പഴങ്കഥകളൊക്കെയും

എന്നിൽ നിന്നെന്നോ മാഞ്ഞു പോയി

'അമ്മ തൻ സ്നേഹത്തിൻ കാന്തി തൊട്ടപ്പോൾ

വിരിഞ്ഞതാണെന്നിലെ മോഹങ്ങളൊക്കെയും

അമ്മ  തൻ ത്യാഗത്തിന് സത്ഫലങ്ങളാം

എന്നിലെ നന്മകളാകവേ

'അമ്മ പകർന്നു തന്നതാം ചിന്തകൾ

എപ്പോഴോ എന്നിൽ നിന്നടർന്നുപോയി

'അമ്മ തൻ മകനായി വളർന്നതാണ്

എന്നിലെ നന്മകളൊക്കെയും

ആ നന്മകൾ തൻ കുത്തൊഴുക്കിൽ

'അമ്മ തൻ ബിംബത്തെ ഞാൻ മറന്നു

മറക്കില്ല അകലില്ല ത്യാഗത്തിൻ  സ്മരണകൾ

SUHAIL Muhammad P S
Class: IX B

# കാഞ്ഞിര മരം

എന്റെ ശരീരത്തിൻ ഭാഷ ആർക്കറിയാം

എന്റെ കായ്കളെ പുച്ഛിക്കും മാനുജരെ

എൻ മഹാത്വമിതെന്തേ ഓർകത്തു

അറിവുള്ളവർ മഹാവൃക്ഷമെന്നോതിയെന്നേ

പൂജിച്ചു ആരാധിച്ചു മാമുനിമാർ

എന്റെ ചില്ലകളിൽ ഇലപ്പടർപ്പുകളിൽ

ജീവന്റെ സ്പന്ദനങ്ങൾ കുടിയേറി

ചങ്ങാത്തത്തിനെത്തി ജീവികൾ

ആശ്വാസമേകി എന്നും വിളങ്ങി

എന്നിട്ടും എന്തെ ചിലരൊക്കെ എന്നെ

വെറുപ്പോടെ മാത്രം വീക്ഷിച്ചു

എന്റെ കായ്കളെ കുറ്റം ചുമത്തി

എന്നിലെ മഹത്വത്തെ വിസ്മരിച്ചു

അറിയുക ഞാനും പ്രകൃതിതൻ സന്തതി

എന്റെ ജീവനെ ഹനിക്കാതെ എന്നിലെ ഗുണകണങ്ങളെ

ആർദ്രതയോടെ പുൽകു

ഇത്രമാത്രമീ പാവം വൃക്ഷത്തിൻ

അഭിലാക്ഷം ഓർക്കുക.



SREEVARDHAN S
Class: IX B

# അന്നവിടെ സംഭവിച്ചതെന്ത് ?

തികച്ചും വിജനമായിരുന്നു ആ ഇടവഴി. വൃക്ഷലതാതികളുംപോലും അനങ്ങുന്നുണ്ടായിരുന്നില്ല. ഏതോ ഭയാനകമായ കാഴ്ചയിൽ സ്തബ്ദനായിരിക്കുകയാണ് അന്ന് വീശിയിരുന്ന മാരുതൻ. പക്ഷികൾ പൊടുന്നനെ പാട്ടുനിർത്തി. പകരം തമ്മിൽഎന്തൊക്കയോ പറഞ്ഞു കരയാൻ തുടങ്ങി. ആകാശം പെട്ടന്ന് കറുത്തിരുണ്ടു. എല്ലാം തകർന്നു കഴിഞ്ഞിരിക്കുന്നു എന്ന മട്ടിൽ ചിന്നിച്ചിതറിയ കറുത്ത മേഘം ആകാശത്തിൽ വ്യാപിച്ചു .പൊടുന്നനെ വെയിൽ മങ്ങി .എന്നാൽ അരുവിയിലേക്ക് പതിച്ചു കൊണ്ടിരുന്ന വെള്ളച്ചാട്ടം മാത്രം ഇതൊന്നും ശ്രദ്ധിക്കുന്നില്ല .എന്താണവിടെ സംഭവിച്ചത് എന്ന് അറിയാൻ അയാൾ കുറച്ചു കൂടി നടന്നു .നടന്നു നീങ്ങിയ അയാൾ പെട്ടന്നു നിന്നു ആരെയും സ്തബ്ദനാകുന്ന രീതിയിൽ ഉള്ളഒരു കാഴ്ച അയാളുടെ ശ്രദ്ധയിൽ പെട്ടു .ഒരുഭാഗത്തായി പ്രസവിച്ചുവീണ നായ്ക്കുട്ടി .അതിനരികിലിരുന്ന് അതിന്റെ 'അമ്മ അതിനെ നക്കിത്തോർത്തുന്നു .ഭൂമിയിലേക്കു വന്ന സന്തോഷം അത് അമ്മയുമായി പങ്കിടുകയാണ് .എന്നാൽ അതിനോട് ചേർന്ന് ഒരു ഭാഗത്തായി ഒരു പെൺകുട്ടി ചോരയിൽ കുളിച്ചു കിടക്കുന്നു .അവൾ മരണത്തോട് മല്ലിടുകയാണ് .നീണ്ട് ഇടതൂറുന്ന അവളുടെ മുടികൾ ,അവളുടെ രക്തം പറ്റിയ മുഖം മറച്ചിരിക്കുന്നു .ഒരിടത്തായി ജീവൻ ഭൂമിയിൽ വന്നതിന്റെ സന്തോഷവും മറു ഭാഗത്തു ജീവൻ ഭൂമിൽ നിന്ന് പോകുന്നതിന്റെ അന്ത്യവെപ്രാളവും ,അവളുടെ ശരീരത്തൊക്കെ ആഴത്തിലുള്ള മുറിവുകളാണ് .നായകുട്ടിക്ക് വിശന്നു തുടങ്ങിയപ്പോൾ 'അമ്മ പട്ടി അതിന് മാധുര്യമേറിയ പാൽ നൽകി .ആ നായ കുട്ടി അത് കുടിച്ച് തൃപ്തനായ ശേഷം മയക്കത്തിലേക്ക് ചായുകയാണ് .എന്നാൽ ആ പെണ്കുട്ടി ജീവനീരിനുവേണ്ടി കേഴുകയാണ് ദേഹമനക്കിയാൽ മുറിവുകൾ ക്രൂരമാകും,വേദന കഠിന മാകും അതിനാൽ വേദനകൾ കടിച്ചമർത്തിയനിറഞ്ഞുഒഴുകുന്ന കണ്ണുകളുമായി അനങ്ങാതെ അവൾ കരിയിലകൾക്കിടയിൽ കിടന്നു നെടുവീർപ്പിടുന്നു .അയാൾ ശ്രദ്ധപൂർവം ആ കാഴ്ച വീക്ഷിച്ചു കൊണ്ടിരുന്നു .പെട്ടന്നയാൾ ഉറക്കത്തിൽനിന്ന് ചാടിഎഴുന്നേറ്റ് കുട്ടിയപോലെ പതറാൻ തുടങ്ങി കാരണം അയാൾ മാരകമായ ആ കാഴ്ചയിൽ ലെയിക്കുകയായിരുന്നു .ആ പെൺകുട്ടിക്ക് വെള്ളംവേണമെന്ന് അയാൾക്ക് മനസ്സിലായി ആ പെൺകുട്ടി ഏതാണെന്നു അയാൾക്ക്അറിയില്ല .എങ്കിലും മരണത്തെ മല്ലിടുന്ന ആ പെൺകുട്ടിയെ സഹായിക്കണമെന്ന് അയാൾക്കുതോന്നി അയാൾ വെള്ളം തിരഞ്ഞു അരുവിതീരത് എത്തി ആ തെളിഞ്ഞ വെള്ളത്തിൽ അയാളുടെ പേടിയാർന്ന കണ്ണുകൾ തെളിഞ്ഞുകാണാം .എന്നാൽ അയാൾക് ആ തെളിഞ്ഞവെള്ളം നോക്കിനിൽക്കാൻ മാത്രം കഴിഞ്ഞു .മരണത്തോടുമല്ലിടാൻ കുറച്ചുജലമല്ല ,ദാഹം തീരുവോളം വെള്ളം വേണം .ഈ അരുവിയില മായം കലരാത്ത ജലം ആ കുട്ടിക്ക് ആവോളം കുടിക്കണമെന്ന്

കാണും പക്ഷെ എങ്ങനെ കൊണ്ട് പോകും തന്റെ കയ്യിൽ യാതൊന്നും ഇല്ല അയാളുടെ പാതി മയങ്ങിയ കണ്ണുകളിൽ എങ്ങനെ കൊണ്ട് പോകും എന്ന ചോദ്യം നിഴലിട്ടു. തന്റെ ഹൃദയം ആ തെളിനീരിനു മുന്നിൽ കിടന്നു പിടയുന്നതായി അയാൾക് തോന്നി. ആ കുട്ടിയുടെ ദയനീയമായ കാഴ്ച്ചയിൽ അയാളുടെ ഹൃദയം തകർന്നിരുന്നു .ഇപ്പോൾ ആ കുട്ടിയുടെ ജീവൻ നിലനിർത്താനാവശ്യമായ ഈ തെളിനീര് തനിയ്ക്ക് കൊണ്ട് പോകാൻ കഴിയുന്നില്ല എന്ന് കൂടി ഓർക്കുമ്പോൾ തകർന്ന ഹൃദയം ആ തെളിനീരിനു മുന്നിൽ കിടന്നു പിടയുന്നതായി അയാൾക് തോന്നി.

അയാൾ തുളുമ്പാനൊരുങ്ങുന്ന കണ്ണുനീർത്തുള്ളികളെ വഹിച്ചു കൊണ്ട് ആകാശത്തേക്ക് നോക്കി. ചിന്നിച്ചിതറികിടന്ന കറുത്ത മേഘം ഒരുമിക്കാൻ തുടങ്ങി. ആകാശം കുട്ടിയുടെ ദയനീയമായ കാഴ്ച്ചയിൽ വിങ്ങി നില്ക്കുകയാണ്. എപ്പൊഴാണെന്നറിയില്ല ആകാശം പൊട്ടിക്കരയുന്നതെന്ന് എങ്കിലും അത് ഉടനെ തന്നെ ഉണ്ടാകും. എന്നാൽ ആകാശം കരയാൻ തുടങ്ങുന്നതിന് മുൻപ് അയാളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകി തുടങ്ങി. അയാൾ അത് കൈ കൊണ്ട് തുടച്ചു നീക്കാൻ ശ്രമിച്ചെങ്കിലും അത് ആഞ്ഞൊഴുകുന്ന വെള്ളച്ചാട്ടത്തിന്റെ പ്രവാഹം പോലെ ശക്തിയായി ഒഴുകിക്കൊണ്ടിരുന്നു......



Jincy Thomas
Class: IX A




# ദൈവസൃഷ്ടി

ആമ്പിളിമാമന്റെ ന്നിലശോഭയിൽ

മിന്നി തിളങ്ങും രജനിതൻ വൈഭവം

കണ്ടു ഞാൻ നന്നേ മിഴിച്ചു നിന്നു

ഇയെഴുപതിനാല് ലോകത്തിൻ  സൃഷ്ടാവാം

 ദൈവത്തിൻ കരവിരുത് ഓർത്തത്അപ്പോൾ

മുല്ലതൻ വാസന പേറികൊണ്ടിതാ

വീശി അടിക്കുന്നു മാരുതിയും

ആകാശ ഗോളത്തിന് പൂമാലചാർത്തി

മിന്നിതിളങ്ങുന്നു താരകങ്ങൾ

വീശി അടിക്കുന്ന കാറ്റിൻ താളത്തിൽ

ആടിയുലയുന്നു വൃക്ഷലതകൾ

എന്തിനോ വേണ്ടി തിളങ്ങുന്നു ചന്ദ്രൻ

ആർക്കോ വേണ്ടി ജ്യലിക്കുന്ന താരം

കണ്ടിടാനില്ല കണ്ട്ആസ്വദിച്ചിടാനില്ല

രസിച്ചിടാനില്ല ഇന്ന് എങ്ങുമാരും

ജോലിതൻ സമ്മർദം ഏറ്റുവാങ്ങിട്ടവർ


കാറ്റിലും വേഗത്തിൽ പഞ്ഞിടുന്നു

ഇന്നിതാ  ദൈവത്തിൻ സൃഷ്ടികൾപോലും

വ്യർത്ഥമായി തീരുന്നു നമുക്ക് മുന്നിൽ

NIKHITHA .V
Class: IX B

# ഹൃദയ നൊമ്പരം



അവൾ ഏങ്ങിക്കരയുകയാണ്. കടലിപ്പോഴും ശക്തിയായി തിരയടിച്ചുകൊണ്ടിരുന്നു. സന്ധ്യ മയങ്ങാൻ കുറച്ചുനിമിഷം കൂടിമാത്രം . കടലിൽ സൂര്യൻ മെല്ലെ താഴുന്നു. അവളുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ വിടവാങ്ങുന്നില്ല. കാരണം, ആ കണ്ണുനീർത്തുള്ളികൾ ഏതോ താങ്ങാൻക്കഴിയാത്ത സങ്കടത്തിൽനിന്ന് ഉത്ഭവിച്ചതാണ്. അവളുടെ തൊട്ടുപിറകിലായ് ഒരു വാൻ വന്നു. അവൾ അതിൽക്കയറി. അതിൽ നിന്ന് കുട്ടികളുടെ സംസാരം കേൾക്കാമായിരുന്നു .

ആ വാഹനം കുറെയേറെ ഓടി ഒരു കാടിന്റെ സമീപത്തേക്കുപ്പോയതിനുശേഷം വാഹനം നിർത്തി .കുട്ടികളുടെ എണ്ണം നോക്കിയശേഷം തടിച്ചുരണ്ട കറുത്തമനുഷ്യൻ അവരെപ്പുറത്തിറക്കി .നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു .അയാൾ കുട്ടികളെ നിരത്തിയിരുത്തി പാത്രത്തിൽ നുള്ളിപ്പറക്കാൻ മാത്രമുള്ള ചെറിയചെറിയ റൊട്ടിക്കഷ്ണം ആ പത്രത്തിലിട്ടിട്ട് അയാൾ കടന്നുപോയ് ..കുട്ടികളെല്ലാം മയക്കത്തിലായ് .മീര പുറത്തിറങ്ങി ആകാശത്തേക്കുനോക്കി തന്നെനോക്കി കണ്ണുചിമ്മിചിരിക്കുന്ന നക്ഷത്രങ്ങൾ .എന്നാൽ പുഞ്ചിരിതൂകുന്ന നക്ഷത്രങ്ങൾക്ക്നടുവിൽ കരഞ്ഞുകലങ്ങിയ മുഖവുമായി ചന്ദ്രക്കല .ചന്ദ്രക്കലയുടെ മുഖത്തെ മ്ലാനതയിതുവരെ ആയിട്ടുംമാറിയിട്ടില്ല മീര നക്ഷത്രങ്ങളോടായി തന്റെയമ്മെപ്പറ്റിപ്പറഞ്ഞു .അമ്മയെക്കുറിച്ച് പറയാൻതുടങ്ങിയപ്പോൾ അവൾ വാചാലയായി .എന്റെ അമ്മയെ കാണാൻ സുന്ദരിയാണ് .എന്റെ അമ്മയ്ക്ക് ധാരാളം മുടിയുണ്ട് .അമ്മയുടെ മടിത്തട്ടിൽ കിടക്കാൻ വളരെ രസമാണ് .പറഞ്ഞവസാനിക്കുമ്പോഴേക്കും അവളുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പും .എന്നാലും അവൾ അമ്മയെപ്പറ്റി പറയും .ഒടുവിൽ മയക്കം

നിഴലിടുമ്പോൾ കിടന്നുറങ്ങും .

അന്ന് രാവിലെയവൾ എഴുന്നേറ്റു .ഇന്നത്തെ പ്രഭാതത്തിന് എന്തൊരു ശോഭയാണ് .സൂര്യൻ അവളെനോക്കി പുഞ്ചിരിതൂകികൊണ്ടിരുന്നു .അന്ന് മീര ഭിക്ഷാടനത്തിന് ഒരു ബീച്ചിലാണിരുന്നത് .അരികിലൂടെ പോകുന്ന സ്ത്രീകളിൽ ചിലരിലെങ്കിലും അവൾ അവളുടെ അമ്മയുടെ മുഖം കണ്ടിരിക്കും .അച്ഛനില്ലാതെ വളർത്തിയ അവളുടെയമ്മയ്ക്ക് അവൾ മാത്രമേ അവകാശപ്പെടാൻ ഉണ്ടായിരുന്നുള്ളൂ .എന്നാൽ ഈ ദുഷ്ടന്മാർ അവളെ എന്നേക്കുമായ് പറിച്ചെടുത്തു .അവളുടെ മനസിലേറ്റ മുറിവിന്റെ നീറ്റലിതുവരെയായിട്ടും മാറിയിട്ടില്ല .എന്നാൽ ഇതേസമയം ആ ബീച്ചിൽ മീരയുടെയമ്മ അനിത എത്തിയിരുന്നു .അനിതയുടെയച്ഛൻ ഗോപാലകൃഷ്ണൻ അനിതയുടെ വേദനമാറ്റാൻ വേണ്ടിയാണ് ബീച്ചിൽ കൊണ്ടുവന്നത് .അനിത കടലിനെ നോക്കിയിരിക്കുകയാണ് .ആ അമ്മയുടെ കവിളിലൂടെയൊഴുകുന്ന കണ്ണുനീർക്കണ്ട് കടലാർത്തുചിരിക്കുകയാണ്. കടലിനറിയില്ലല്ലോ വേർപാടിന്റെവേദന. അനിതയുടെ മനസിലേറ്റ നീറ്റാൾമാറാത്ത മുറിവിൽനിന്നും വ്രണങ്ങൾ പുറത്തുകടന്നിരിക്കുന്നു. അതവളെ വേദനക്കൊണ്ടുമുറുക്കി. അനിതപ്പൊട്ടിപ്പൊട്ടിക്കരഞ്ഞു. നേരം സന്ധ്യയായി അനിതതിരിച്ചുനടക്കാൻ തുടങ്ങി. കടൽ കൂടുതൽ ശക്തിയോടെ തിരയടിച്ചുതെറിപ്പിക്കുന്നു. സന്ധ്യയായപ്പോഴേക്കും ആൾക്കൂട്ടം തിങ്ങിനിറയാൻതുടങ്ങി .പെട്ടന്ന് മീരയുടെ ശ്രദ്ധയിൽ അനിതപ്പെട്ടു .അവൾ കണ്ണുചിമ്മിക്കൊണ്ട് നോക്കി .തന്റെയമ്മ , താൻ കാണാൻ കൊതിച്ചതന്റെയമ്മ .അവൾ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ അമ്മയെന്ന വിളിയുമായി ഓടി .ജനക്കൂട്ടം അവളെയുറ്റുനോക്കി .എന്നാൽ അനിത ബഹളം കാരണം അവളെ ശ്രദ്ധിച്ചില്ല .അനിത ഓട്ടോയിൽകയറി വീട്ടിലേക്ക്മടങ്ങി .മീരയെന്നാലും ഓടിയെടുക്കാൻ ശ്രമിച്ചു .കാലുകൾ തളരുന്നു ,ശരീരംകുഴയുന്നു .അവളോടിക്കുഴഞ്ഞുവീണു .അവളുടെ ഹൃദയത്തിലാണിയടിച്ചുകയറുന്നവേദനയിൽ അവൾ നിലവിളിച്ചു .വയ്യ ഇനിയൊന്നിനും വയ്യ, കടൽ തിരമകളെ ആഞ്ഞടിപ്പിച്ചുകൊണ്ടുതന്നെയിരുന്നു . അവൾ കടലിനോടു അടുത്ത് ചെന്നു .എന്നിട്ടു മുകളിലേക്ക് നോക്കി .ദൈവമേ നീ എന്നെ കൈവിട്ടല്ലോ .

Jincy Thomas
Class: IX A

# ഓലേഞ്ഞാലി കിളി

ഓലകീഴിൽ ഒളിച്ചിരിക്കും

ഓലഞ്ഞാലി കിളിയെ നീ

കുട്ടികുറുമ്പ് കാട്ടരുതേ നീ

എന്റെ കൂടെ വന്നാലോ

പാലും പഴവും തന്നീടാം ഞാൻ

കൂടെ കളിക്കുവാൻ പോന്നിടാം

നീ അല്ലാതെ ആരുണ്ട്

എനിക്ക് കൂട്ടായ് ചെറുകിളിയെ




Akshara U R
Class: IX A



# മാതൃഭാഷ മലയാളഭാഷ

മലയാളമെന്നുടെ മാതൃഭാഷാ
അമ്മയെപോലെയി ധന്യഭാഷാ
ഞങ്ങൾ വാണങ്ങുന്ന പുണ്ണ്യഭാഷ
എന്നുടെ സ്വന്തം അമൃതഭാഷ
അമ്മയെന്നുമെൻ മാതൃഭാഷ
ഞാനെന്നും കുമ്പിടും
അമ്മസ്നേഹം ചൊരിയുന്നപോലെ
ഭാഷതൻ മാറിൽ ഞാൻ ചാഞ്ഞിടുന്നു
എന്നെയുയർത്തിയ ജനഭാഷ
എന്നുമോർക്കും ഞാൻ നന്ദിയോടെ
ഞാനെന്റെ ഭാഷയുടെ മഹത്വം
ആവോളം എല്ലാവരും ചൊല്ലും

Joyal S
Class: IX A

# എന്റെ അമ്മ

അമ്മെ എന്റെ അമ്മെ എന്റെ ദൈവം തന്നൊരമ്മേ

അമ്മെ എന്റെ അമ്മെ എൻ മനനമാകെ നിറഞ്ഞേ

നിന്നുടെ പുഞ്ചിരി മാനമാകെ നിറച്ചേ

അമ്മെ എന്റെ അമ്മെ എനിക്ക് ദൈവം തന്നൊരമ്മേ

അമ്മെ എന്റെ അമ്മെ എന്റെ ജീവന്റെ നാളമേ

നീ എന്നും എന്റെ കൂടെയുണ്ടാകണമേ

അമ്മെ എന്റെ അമ്മെ എന്റെ ദൈവം തന്നൊരമ്മേ

എൻ മനനമാകെ നിറഞ്ഞേ

എൻ മനനമാകെ നിറഞ്ഞേ



Ayana Maniyan
Class: IX A

# An Old Man Lived In The Village



An old man lived in the village .He was one of the most unfortunate people in the world .The whole village was tired of him; he was always gloomy, has constantly combined and was always in a bad mood.

The longer he lived ,the more bile he was becoming and the more poisonous were his words. People avoided him, because his misfortune became contagious. It was even unnatural and insulting to be happy next to him.

He created the feeling of unhappiness in others. But one day, when the turned eight years old, an incredible thing happened. Instantly everyone started hearing the rumour.

``An old man is happy today, he doesn't complain about anything smiles, and even his face is freshened up."

The whole village gathered together. The old man was asked; villager: what happened to you?

``Nothing special.80 years I have been chasing happiness and it was useless. And then I decided to live without happiness and just enjoy life. That's why I am happy now"→ old man

Abhirami S
Class: IX A

# THE BRAVE GOAT



In the outskirts of a village there was a herd of goat. The mother goat had given birth to five new kids. A wolf that used to hunt in that part of the village had set his eyes on the kids.

The mother goat was very careful in rearing her kids. She always advised her kids ``Be careful of the evil around you dear children. There are many wild animals ready to kill you. Never graze alone in the woods. Stay close to Mummy. When you get older you can graze alone by yourself.

One fine morning, when the mother goat had gone out in search of food, the fox looks its change. He came to the kids and said in a very sweet voice, "hello kids. I am your uncle. Came out with me. Let me show you some sweet herbs to eat."One kid reply ``how can you say you are our uncle? you don't resemble us". The wolf smiled and said ,Look my child I had left here long time ago. My appearance has changed as a result of my forest life". However ,the kids were suspicious. They were hesitant to come out of their house. Please go away. Mummy is not at home. Come back when mummy at home. We cannot entertain strangers when our parents aren't nearby, strongly said the kids. In the meantime, the mother goat returned and fought away the wolf she was so happy that the kids had listened to her.

KESIYA PRASAD

Class: IX B

# THE POWER OF PRAYER

There lived in family of cuckoo birds on a tree top. The mother bird laid many eggs and all of them hatched into beautiful cuckoo chicks. One among them was a disabled thick. The mother bird was very affectionate with his thick. So was the father bird too. Both the parents took turn to feed the thick.

One day, there was a forest fire. It was spreading fast too. All birds and animals vacated the place in fear. The father bird said to his thicks .`Fly away children. Fly away to safety'. The mother bird asked with sorrow in her throat.``How can we leave this poor thick chick that cannot even walk?". The parents decided to stay with the chick .

The disabled chick started praying earnestly. ``Oh Lord, please quench the forest fire and save all the animals. Look at the affection and love my parents have for me. You are the father of the world. Don't you have affection like that of my parents.

What a surprise! The forest was drenched by a sudden rain and the forest fire was quenched.



Pavan R Pillai
Class: IX B



# QUOTES ABOUT LIVING A BEAUTIFUL LIFE

You are only here for a shore visit. Don't hurry, Don't worry. And be sure to smell the flower along the way.

→WALTER HAGEN

A man who dares to waste one hour of time has not discovered the value of life.

→ CHARLES DARWIN

If life were predictable it would cease to be life, and be without flavour.

→ ELEANOR ROOSEVELT

Find ecstasy in life, the more sense of living is joy enough.


→ EMILY DICKINSON

However difficult life may seen, there is always something you can do and succeed at.

→ STEPHEN HAWKING

Feba Lalachan
Class: IX B

# SAVE ALAPPAD



Alappad village, once spread over 89 sq km between the TS canal and Arabian sea, has dwindled to just 7.6 sq km in 60 years primarily due to mining, but as it continues unabated, the local people fear they would lose their last piece of land soon.

The residents of Alappad located 10km north of Kollam, assemble at a make, shift protest venue near the village office everyday to carry out a relay hunger strike started by ` Karimanal Khanavirudha Janakeeya Samarasamithi' on November 7 last year against mining. As it passed 71 days on Thursday, the protest has received attention on social media, with many organisations and prominent personalities.``Our land is going to disappear it we don't stop mining at the earliest. We'll fight till we get justice said Rohini, a protest council member. The save Alappad stop mining campaign has gained traction on social media with several film stars joining it.

The Indian Rare Earths Ltd (IRE),a public sector company, has been in charge of mining. Their work has narrowed the land strip between TS canal and Arabian sea to just 33 meters as close to 20,000 hectares of land in 81.5 sq km have been claimed by the sea in six decades.

Jisson Varghese
Class: IX B




Akshay Kumar
Class: IX A




Dhanush D
Class: IX A

# ചിത്രങ്ങളിലൂടെ






Shot on Realme 2
Sasthamcotta


A.S.T.R
(ANAEROBIC SEWAGEWATER
TREATMENT REACTOR)
DIGESTATE
Shot on Realme 2
Kollam


Kerala


Hadajana










STAFF ROOM GENTS


KERALA
STAFF ROOM
Kerala
Shot on Realme 2


CR7










Dr. C.T. EAPEN MEMORIAL R.H.S







# നന്ദി